ഏപ്രിൽ 2018

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരേ,

കഴിഞ്ഞ നാളുകളിൽ നമ്മളെ ആകുലപ്പെടുത്തിയ ഗീവർഗീസ് മാർ അത്താനാസ്യോസ് സഹ്രഗൻ മെത്രാപ്പോലീത്താ തിരുമേനിയുടെ ആരോഗ്യസ്ഥിതിയിൽ ഇന്ന് പ്രകടമായിക്കൊണ്ടിരിക്കുന്ന സൗഖ്യത്തിന്റെ പുരോഗതിയെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. എറണാകുളത്തെ ആശുപത്രിയിലെ ചികിത്സയ്ക്കു ശേഷം തിരുമേനി ഇപ്പോൾ റാന്നി അരമനയിൽ എത്തി വിശ്രമിക്കുകയാണ്. ഒന്നിടവിട്ട ദിവസങ്ങളിൽ ഡയാലിസിസ് നടത്തുക എന്നതാണ് തിരുമേനിക്ക് ആവശ്യമായിരിക്കുന്നത് എന്നുള്ള എറണാകുളത്തെ ആശുപത്രിയിലെ ഡോക്ടർമാരുടെ അഭിപ്രായത്തെ പരിഗണിച്ചാണ് തിരുമേനി ആശുപത്രി വിട്ട് റാന്നിയിലെ അരമനയിലെത്തി വിശ്രമിക്കുന്നതും ഒന്നിടവിട്ട ദിവസങ്ങളിൽ കുമ്പനാട്ടുള്ള നമ്മുടെ ഫെലോഷിപ്പ് ഹോസ്പിറ്റലിൽ എത്തി ഡയാലിസിസിന് വിധേയനാകുന്നതും. കഴിഞ്ഞ മാസം ഫെബ്രുവരി 3-ാം തീയതിയാണ് തിരുമേനി റാന്നിയിലെ അരമനയിലെത്തിയത്. അരമനയുടെ താഴത്തെ നിലയിലുള്ള ഒരു മുറി പ്രത്യേകമായി സജ്ജീകരിച്ച് വേണ്ട ശുശ്രൂഷയ്ക്കാവശ്യമായ ഉപകരണസഹിതം ക്രമീകരിച്ച് ഉചിതമായ എല്ലാ സൗകര്യങ്ങളും അവിടെ ഏർപ്പെടുത്തിയിരിക്കുകയാണ്. വന്നതിന്റെ പിറ്റേദിവസം മുതൽ കുമ്പനാട്ട് ആശുപത്രിയിൽ തിരുമേനി ഡയാലിസിസിന് പോകുന്നുണ്ടായിരുന്നു. രണ്ട് ഡയാലിസിസ് കഴിഞ്ഞതോടുകൂടി തന്നെ തിരുമേനിയുടെ രോഗാവസ്ഥയിൽ പുരോഗമനപരമായ മാറ്റം പ്രകടമായിത്തന്നെ കണ്ടുതുടങ്ങിയെന്നത് ശ്രദ്ധേയമായ കാര്യമാണ്. ഒന്നിടവിട്ട ദിവസങ്ങളിൽ ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം തിരുമേനി കുമ്പനാട് ഹോസ്പിറ്റലിൽ വന്നുപോയിരുന്നത് ആമ്പുലൻസിലായിരുന്നു. എന്നാൽ ഇപ്പോൾ സ്വന്തം കാറിൽ തന്നെ കുമ്പനാട് പോയിവരത്തക്കവണ്ണമുള്ള ആരോഗ്യസ്ഥിതി തിരുമേനി കൈവരിച്ചിട്ടുണ്ട്. കുമ്പനാട് ആശുപത്രിയിലും തിരുമേനിക്കായി പ്രത്യേകം മുറി സജ്ജീകരിക്കുകയും വേണ്ട എല്ലാ ചികിത്സാ സൗകര്യങ്ങളും ക്രമീകരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. മാർച്ച് മാസം 15-ാം തീയതി വ്യാഴാഴ്ച വൈകിട്ട് അത്താനാസ്യോസ് തിരുമേനിയെ സന്ദർശിക്കാൻ റാന്നി അരമനയിൽ നാം ചെന്നപ്പോൾ തിരുമേനി കിടക്കയിൽ നിന്ന് എഴുന്നേറ്റ് വാതിൽക്കലോളം ഊന്നുവടിയില്ലാതെ നടന്നുവന്ന് നമ്മെ ആശ്ലേഷിച്ചത് വികാരനിർഭരമായ ഒരു അനുഭവമായിരുന്നു. ഇപ്പോൾ ആയാസരഹിതമായി തന്നെ സ്റ്റെപ്പ് കയറുവാനും നടക്കുവാനും തിരുമേനിക്ക് കഴിയുന്നുണ്ട്. ഫിസിയോതെറാപ്പിയുടെ ശുശ്രൂഷയും തിരുമേനിക്ക് ഇപ്പോൾ ലഭിക്കുന്നുണ്ട്. അനേകരുടെ പ്രാർത്ഥനയുടെ ഫലമായി ലഭിച്ച തിരുമേനിയുടെ സൗഖ്യത്തിൽ വ്യാപരിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കാം. എത്രയും പെട്ടെന്ന് ഭദ്രാസനത്തിന്റെ ചുമതലകൾ ഏറ്റെടുക്കുവാൻ തക്കവണ്ണം ആവശ്യമായ ആരോഗ്യസൗഖ്യം തിരുമേനിക്ക് ലഭിക്കേണ്ടതിനായി എല്ലാവരും പ്രാർത്ഥിക്കണം. എന്നാൽ ജനുവരി മാസം പകുതിയോടുകൂടി തിരുമേനിയെ പരിചരിച്ചിരുന്ന എറണാകുളത്തെ ഡോക്ടർമാർ ഇപ്രകാരമൊരു മാറ്റത്തിന് നിർദ്ദേശിച്ചിരുന്നു. ഈ യാഥാർത്ഥ്യം തിരിച്ചറിയാതെ, ജനുവരിമാസത്തിന്റെ രണ്ടാം പകുതിയിൽ സോഷ്യൽ മീഡിയായിലൂടെ സത്യത്തിന് നിരക്കാത്ത വിധത്തിൽ, മനുഷ്യത്വരഹിതമായ ചില 'സഭാഭക്തർ' നടത്തിയ വ്യാജപ്രസ്താവനകൾ എത്രയോ നിർഭാഗ്യകരമായിരുന്നു. ഇപ്പോൾ അഭിവന്ദ്യ തിരുമേനിയുടെ ആരോഗ്യസ്ഥിതിയിൽ വന്ന പുരോഗതി മനസ്സിലാക്കി, അന്ന് വ്യാജപ്രസ്താവനകൾ നടത്തിയവർ അനുതപിച്ച് ക്ഷമ ചോദിക്കേണ്ടത് മാന്യതയാണ്. അല്ലാത്ത പക്ഷം അവരുടെ മനസ്സാക്ഷിയിൽ കുറ്റബോധത്തിന്റെ തടവറയിൽ അവർ എന്നുമായിരിക്കും. പണ്ട് അമേരിക്കായിലെ ജോർജ്ജിയായിൽ നടന്ന ഒരു സംഭവം ഓർമ്മയിൽ വരുന്നു. ജോർജ്ജിയായിലെ ഗവർണറായിരുന്ന ജോർജ്ജ് വാലസിന്റെ കാലഘട്ടത്തിൽ ഒരു കറുത്ത വർഗ്ഗക്കാരിയായ വയോധിക ഒരു പള്ളിയുടെ പടികൾ ഇറങ്ങിവരുമ്പോൾ അവരുടെ കൈയിൽ നിന്നും ഊന്നുവടി തെന്നിപ്പോയപ്പോൾ ഒരു വെള്ളക്കാരനായ വൈദീക വിദ്യാർത്ഥി അപ്പോൾ ഓടി എത്തി വടി എടുത്തുകൊടുത്ത് അവരെ സഹായിക്കാൻ



ഒരുങ്ങിയപ്പോൾ വർണ്ണ വർഗ്ഗ വിവേചന തീവ്രവാദത്തിന്റെ ആൾരൂപമായ ഒരാൾ ആ വൈദീക വിദ്യാർത്ഥിയെ വെടിവെച്ചു കൊല്ലുകയുണ്ടായി. പ്രമാദമായ ഒരു കേസായി അതിന്റെ വിചാരണ തുടർന്നു. അന്ന് ഗവർണറുടെ കോടതി ആ മഹാപാതകം ചെയ്ത വെള്ളക്കാരനെ കുറ്റവിമുക്തനാക്കിയെങ്കിലും ആ വാർത്ത റിപ്പോർട്ടു ചെയ്ത അവസരത്തിൽ വാൾട്ടർ കോൺക്രൈറ്റ് എന്ന വാർത്താ അവതാരകൻ പറഞ്ഞ കമന്റ് സ്മരണീയമാണ്. അദ്ദേഹം ഇപ്രകാരമാണ് പറഞ്ഞത് - "ഒരു ആവശ്യത്തിൽ സഹായം ചെയ്യാനൊരുങ്ങിയ വൈദീക വിദ്യാർത്ഥിയെ മനുഷ്യത്വരഹിതമായി വെടിവെച്ചുകൊന്ന മനുഷ്യനെ ഗവർണറുടെ കോടതി നിരപരാധിയായി പ്രഖ്യാപിച്ചു എങ്കിലും അയാളുടെ മനഃസ്സാക്ഷിയുടെ കോടതിയിൽ ജീവിതകാലം മുഴുവൻ അയാൾ കുറ്റബോധമുള്ളവനായി കഴിയേണ്ടി വരും". എല്ലാവരും ജീവിതകാലം മുഴുവൻ ഓർത്തിരിക്കേണ്ട ഒരു ചരിത്രപാഠമാണിത്.

രാഷ്ട്രം പത്മഭൂഷൺ പദവി നൽകി ആദരിച്ച നമ്മുടെ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിക്ക് ആരോഗ്യത്തോടുകൂടി ഡൽഹിയിൽ പോയി ഇന്ത്യയുടെ പ്രഥമ പൗരനിൽ നിന്നും ആ ബഹുമതി ഏറ്റുവാങ്ങുന്നതിന് ലഭ്യമായ ദൈവകൃപയ്ക്കായി സ്തോത്രം കരേറ്റാം. സഭയുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും അഭിമാനമായി എല്ലാവർക്കും അനുഗ്രഹമായി തുടർന്നും പ്രവർത്തിക്കുവാൻ വലിയവനായ ദൈവം തിരുമേനിയെ കൂടുതൽ ശക്തീകരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

സമൂഹത്തിന്റെ വിവിധ ആവശ്യങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് വലിയ മാറ്റം സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളിൽ സഭയുടെ ഡവലപ്മെന്റ് വിഭാഗമായ CARD നൽകുന്ന നേതൃത്വം അഭിമാനകരമാണ്. നമ്മുടെ കാർഡിന്റെ ചുമതലയിലുള്ള തെള്ളിയൂരിലെ കൃഷി വിജ്ഞാന കേന്ദ്രം മാർച്ച് മാസം 17-ാം തീയതി

രണ്ടരലക്ഷം രൂപായുടെ കാഷ് അവാർഡിനും പ്രത്യേക പുരസ്കാരത്തിനും യോഗ്യത നേടുകയുണ്ടായി. ഇന്ത്യയുടെ പ്രധാനമന്ത്രിയിൽ നിന്നും CARD ന്റെ ഡയറക്ടർ റവ. കെ.വൈ. ജേക്കബും സയന്റിസ്റ്റ് ഡോ. റോബർട്ടും ഡൽഹിയിൽ പോയി ആ പുരസ്കാരം ഏറ്റുവാങ്ങുകയുണ്ടായി. കഴിഞ്ഞ നാളുകളിൽ CARD ന്റെ പ്രവർത്തനങ്ങളിൽ നല്ല നേതൃത്വം നൽകിയ കാർഡിന്റെ ഡയറക്ടർ റവ. കെ.വൈ. ജേക്കബിനെയും മറ്റ് പ്രവർത്തകരെയും കൃഷി വിജ്ഞാന കേന്ദ്രത്തിലെ പ്രവർത്തകരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

മാർച്ച് 1 മുതൽ 13 വരെ ആസ്ട്രേലിയായിലെ നമ്മുടെ ഇടവകകൾ നാം സന്ദർശിക്കുകയുണ്ടായി. ആസ്ട്രേലിയാ-ന്യൂസിലാന്റ് ഉൾപ്പെടുന്ന ഒരു സോണൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുന്നതിനിടയായി. ആ ഇടവകകളിലെ അസംബ്ലി അംഗങ്ങളുടെ തെരഞ്ഞെടുപ്പുകൾ പൂർത്തീകരിച്ചു. സോണൽ രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു അഡ്ഹോക്ക് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. സിഡ്നിയിൽ നമ്മൾ വിലയ്ക്കു വാങ്ങിയ സ്ഥലത്ത് ഒരു പള്ളി പണിയുന്നതിന് ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചതിനെ തുടർന്ന് പുതിയ പള്ളിയുടെ ശിലാസ്ഥാപനം നിർവ്വഹിക്കുവാനും കഴിഞ്ഞു. നമ്മുടെ മെൽബണിലുള്ള ഒരു ഇടവക ഒരു ദൈവാലയം വിലയ്ക്കുവാങ്ങി ഇപ്പോൾ ഉപയോഗിച്ചുവരുന്നു. പെർത്ത്, അഡലെയ്ഡ് എന്നിവിടങ്ങളിലെ ഇടവകകളും, മെൽബണിലെ രണ്ടാമത്തെ ഇടവകയും സ്വന്തമായി ദൈവാലയങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ശ്രമത്തിലാണ്. അവിടെ ദൈവാലയങ്ങൾ രൂപപ്പെട്ടാൽ ധാരാളം ആളുകൾ കുടിയേറിപ്പാർക്കുന്ന ആ സ്ഥലങ്ങളിൽ ഭാസുരമായ ഒരു ഭാവി സഭയ്ക്കു ദർശിക്കുവാൻ കഴിയും.

കഴിഞ്ഞ മാസം നിരവധി സ്ഥാപനങ്ങളുടെ ജൂബിലി സമ്മേളനം നടന്നു. നമ്മുടെ ടൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് കോളേജിന്റെ വജ്രജൂബിലിയും ചെന്നൈയിലുള്ള ഹിന്ദുസ്ഥാൻ ഡീംഡ് യൂണിവേഴ്സിറ്റിയുടെ ഗോൾഡൻ ജൂബിലിയും കെ.ആർ പുരം ഇടവകയുടെ രജത ജൂബിലിയും സമുചിതമായി നടത്തപ്പെട്ടു. സംവത്സരങ്ങൾക്കു മുമ്പ് ചെന്നൈ നഗരത്തിൽ ഒരേ സമയം ആരംഭിച്ച നാല് സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. കെ.സി.ജി. വർഗ്ഗീസിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഹിന്ദുസ്ഥാൻ ഡീംഡ് യൂണിവേഴ്സിറ്റിയും എൻ.ജോർജ്ജിന്റെ നേതൃത്വത്തിൽ ആരംഭിച്ച ആൽഫാ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂട്ടുകളും സി.എം. മാത്യുവിന്റെ നേതൃത്വത്തിൽ ആരംഭിച്ച തോണ്ടിയാർപെട്ട് ഹയർസെക്കണ്ടറി സ്കൂളും സി. ചെറിയാന്റെ നേതൃത്വത്തിൽ ടി നഗറിൽ ആരംഭിച്ച സ്കൂളും (പിൽക്കാലത്ത് കർണ്ണാടകയിലെ വൈറ്റ് ഫീൽഡിലേക്ക് മാറ്റി) സഭയുടെ അഭിമാനം ഉയർത്തിയാണ് ഇക്കാലമത്രയും നിലകൊണ്ടത് എന്നതിൽ ഏവർക്കും അഭിമാനിക്കാം.

നമ്മുടെ കോട്ടയം വൈദീകസെമിനാരിയുടെ ബിരുദദാനസമ്മേളനത്തിൽ പങ്കെടുത്ത് അദ്ധ്യക്ഷത വഹിക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. ഇരുപത് വൈദിക വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റിന് അർഹരായി.

മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ എറണാകുളം സെന്ററിന്റെ ആഭിമുഖ്യത്തിൽ നടന്ന, സാധുകൊച്ചുഞ്ഞുപദേശിയുടെ ഗാനങ്ങൾ മാത്രം ഉൾക്കൊള്ളിച്ച് നടത്തിയ, ഗാനസന്ധ്യ വളരെ ഹൃദ്യമായിരുന്നു. വന്നുകൂടിയ എല്ലാവർക്കും ഉണർവും ഉന്മേഷവും പകരുന്ന ഒരു സംഗീത വിരുന്നായിരുന്നു അത്. മകന്റെ വേർപാടിൽ അതീവദുഃഖിതനായിരുന്ന വേളയിൽ സാധുകൊച്ചുഞ്ഞുപദേശി വിശ്വാസത്തിന്റെ തീവ്രതയിൽ പാടിയ "ദുഃഖത്തിന്റെ പാനപാത്രം കർത്താവെന്റെ കയ്യിൽ തന്നാൽ സന്തോഷത്തോടതു വാങ്ങി ഹല്ലേലുയ്യാ പാടും ഞാൻ" എന്നു തുടങ്ങുന്ന ഗാനം ഉൾപ്പെടെയുള്ള ഗാനങ്ങൾ യഥാർത്ഥ ആത്മീയ അനുഭവത്തിന്റെ ആഴങ്ങളിലേക്കും ഉയരങ്ങളിലേക്കും ആരേയും നയിക്കുന്നതായിരുന്നു.

ദൈവം സൃഷ്ടിച്ച നമ്മുടെ സഹോദരങ്ങളായ ട്രാൻസ്ജൻഡർ (അർദ്ധനാരികൾ) സമൂഹത്തോട് സ്നേഹത്തോടും കരുതലോടും കൂടി വർത്തിക്കേണ്ടത് നമ്മുടെ കടമയും ഉത്തരവാദിത്വവുമാണ് എന്ന് എല്ലാവരും തിരിച്ചറിയേണ്ടിയിരിക്കുന്നു. യെശയ്യാവിന്റെ പ്രവചനം 56-ാം അധ്യായം 3-5 വരെയുള്ള വാക്യങ്ങളിൽ ദൈവം നൽകുന്ന ദൂത് നമ്മുടെ ഹൃദയങ്ങളിൽ എഴുതപ്പെടേണ്ടതാണ്. "ഷണ്ഡനും ഞാനൊരു ഉണങ്ങിയ വൃക്ഷം എന്നു പറയരുത്. എന്റെ ശബ്ബത്ത് ആചരിക്കുകയും എനിക്ക് ഇഷ്ടമുള്ളത് തെരഞ്ഞെടുക്കുകയും എന്റെ നിയമം പ്രമാണിക്കുകയും ചെയ്യുന്ന ഷണ്ഡന്മാരോട് യഹോവയായ ഞാൻ ഇപ്രകാരം പറയുന്നു: ഞാൻ അവർക്ക് എന്റെ ആലയത്തിലും എന്റെ മതിലകങ്ങളിലും പുത്രീ പുത്രന്മാരേക്കാൾ വിശേഷമായോരു ജ്ഞാപകവും നാമവും കൊടുക്കും; ഛേദിക്കപ്പെടാത്ത ഒരു ശാശ്വത നാമം തന്നെ ഞാൻ അവർക്കു കൊടുക്കും". ട്രാൻസ്ജൻഡർ സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി വലിയ മെത്രാപ്പോലീത്താ തിരുമേനിയോടുള്ള ആദരസൂചകമായി സഭാമണ്ഡലം അംഗീകരിച്ച് പ്രാവർത്തികമാക്കുന്ന പദ്ധതിയിൽ എല്ലാവരും ആത്മാർത്ഥമായി പങ്കു ചേർന്ന് ദൈവം സ്നേഹിക്കുന്ന നമ്മുടെ സഹോദര സമൂഹത്തോടുള്ള കടമയും സ്നേഹവും യാഥാർത്ഥ്യമാക്കിത്തീർക്കണമെന്ന് അറിയിക്കുന്നു.

നമ്മുടെ വെല്ലൂർ ആശുപത്രി വികസനത്തിന്റെ പാതയിലാണ്. ഒരു സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം വെല്ലൂരിൽ നിന്ന് 14 കി.മീറ്റർ കിഴക്കുള്ളതായ മദ്രാസ് റോഡിന്റെ സൈഡിൽ ധ്രുതഗതിയിൽ പണി പൂർത്തിയായി വരികയാണ്. അതുപോലെ ആന്ധ്രാപ്രദേശിലെ ചിറ്റൂരിലും ആശുപത്രി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനുള്ള പദ്ധതി ആരംഭിച്ചിരിക്കുന്നു. ഈ രണ്ട് ആശുപത്രി സംവിധാനങ്ങളോട് ബന്ധപ്പെട്ട് ഗൈഡൻസ് സെന്ററുകൾ ആരംഭിക്കുവാനുള്ള പ്രവർത്തനം നമ്മുടെ സഭയായി ആരംഭിച്ചിരിക്കുകയാണ്. ഈ രണ്ട് സ്ഥലങ്ങളിലും ഗൈഡൻസ് സെന്ററിനുള്ള സ്ഥലം കണ്ടെത്തി കഴിഞ്ഞിട്ടുണ്ട്. ഈ സ്ഥലം വാങ്ങിക്കുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതിൽ സുമനസുകളുടെ സഹകരണം ഉണ്ടാകണമെന്ന് അറിയിക്കുന്നു. ഒരുനൂറ്റാണ്ടോളമായി സഭയുടെ ദൗത്യ നിർവ്വഹണത്തിൽ ശ്രദ്ധേയമായ പങ്കു വഹിക്കുന്ന നമ്മുടെ നിക്കോൾസൺ സ്കൂൾ കാലാനുസൃതമായി ആധുനികവൽക്കരിക്കുവാൻ തീരുമാനം കൈക്കൊണ്ട് നടപടികൾ സ്വീകരിച്ചിരിക്കുകയാണ്. ആധുനിക രീതിയിലുള്ള കിടക്കകളും ഭക്ഷണക്രമീകരണങ്ങളും പഠനസൗകര്യങ്ങളും ക്രമീകരിക്കുവാൻ സ്കൂൾ ബോർഡ് തീരുമാനിക്കുകയും തീരുമാനങ്ങൾ നടപ്പിൽ വരുത്തുവാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു കഴിഞ്ഞിട്ടുണ്ട്. 100 കട്ടിലുകളും മെസിലെ ആവശ്യത്തിനായി 300 ലഞ്ച് സെറ്റും ഇതിനോടകം തന്നെ സംഭാവനയായി ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. സ്കൂളിന്റെ ഈ പുതിയ ക്രമീകരണം ഉപയോഗപ്പെടുത്തുവാനും നിക്കോൾസൺ സ്കൂളിൽ കുട്ടികളെ ചേർത്ത് പഠിപ്പിക്കുവാനും മാതാപിതാക്കൾ ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കട്ടെ. നിക്കോൾസൺ മദാമ്മയും കെല്ലവെ മദാമ്മയും ആ സ്കൂളിലൂടെ സഭയ്ക്കും സമൂഹത്തിനും നൽകിയ സേവനം എക്കാലവും സ്മരിക്കപ്പെടേണ്ടതാണ്. അടുത്ത സമയത്ത് ഓസ്ട്രേലിയായിൽ പോയപ്പോൾ മെൽബൺ മ്യൂസിയത്തിൽ

നിക്കോൾസൺ സ്കൂളുമായി ബന്ധപ്പെട്ട് കെല്ലവെ മദാമ്മ എഴുതിയ ചില കത്തുകൾ കാണുവാൻ കഴിഞ്ഞത് അവിസ്മരണീയമായ ഒരു അനുഭവമായിരുന്നു.

നമ്മുടെ തിരുവനന്തപുരത്തുള്ള പാറ്റൂർ ഇടവകാംഗമായ മുഴങ്ങോടിൽ ദിവ്യശ്രീ എം.ഒ.ഉമ്മൻ കശ്ശീശ (സീനിയർ) (83) മാർച്ച് 19-ാം തീയതിയും കീഴ്‌വായ്പ്പൂർ സെന്റ് തോമസ് ഇടവകാംഗമായ നെയ്‌വേലിൽ റവ. ജോയ് എൻ. ജോർജ്ജ് കശ്ശീശാ (71) മാർച്ച് 22-ാം തീയതിയും നിര്യാതരായി. സമാദരണീയരായ എം.ഒ. ഉമ്മനച്ചന്റെയും ജോയ് എൻ. ജോർജ്ജ് അച്ചന്റേയും നേതൃത്വത്തിലൂടെയും ശുശ്രൂഷകളിലൂടെയും സഭയ്ക്കും ഇടവകകൾക്കും സ്ഥാപനങ്ങൾക്കും ലഭിച്ചിട്ടുള്ള സേവനങ്ങളെ നന്ദിയോടുകൂടി സ്മരിക്കുന്നു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളോടുള്ള അനുശോചനം അറിയിക്കുന്നു.

മാർച്ച് മാസം 27-ാം തീയതി കേരളത്തിലുള്ളതായ എല്ലാ ഭദ്രാസനങ്ങളുടെയും ചുമതലക്കാരുടെയും ഒരു പ്രത്യേക സമ്മേളനം സഭയായി തിരുവല്ലായിൽ വിളിച്ച് ചേർത്തിരുന്നു. സഭയുടെയും സ്ഥാപനങ്ങളുടെയും ഇടവകകളുടെയും എല്ലാ സാമ്പത്തിക ഇടപാടുകളും ഗവൺമെന്റ് നിയമങ്ങൾക്കനുസരിച്ച് നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സമ്മേളനമായിരുന്നു അത്. ഈ സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ ഭദ്രാസന ചുമതലക്കാരും ഭദ്രാസനത്തിലെ എല്ലാ സ്ഥാപനങ്ങളെയും ഇടവകകളെയും ഇക്കാര്യത്തിൽ ബോധവൽക്കരിക്കേണ്ടതാണ്. കേരളത്തിന് വെളിയിലുള്ള മൂന്ന് ഭദ്രാസനങ്ങളും ഭദ്രാസനതലത്തിൽ ചുമതലക്കാരുടെ യോഗം വിളിച്ചു കൂട്ടി സാമ്പത്തിക ഇടപാടുകൾ ഗവൺമെന്റ് നിയമങ്ങൾക്കനുസരിച്ച് നടപ്പിൽ വരുത്തുവാൻ ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ് എന്ന് അറിയിക്കുന്നു.

കഴിഞ്ഞ മാരാമൺ കൺവൻഷനിൽ ഡോ. സ്വീറ്റ് നൽകിയ ഒരു പ്രഭാഷണം ഉയിർപ്പ് പെരുനാളിന്റെ ദർശനങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതായിരുന്നു. ദാവീദ് 22-ാം സങ്കീർത്തനം ആരംഭിക്കുന്നത് “എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്?” എന്ന നിലവിളിയോടുകൂടിയാണ്. ഈ സങ്കീർത്തനമാണ് ക്രിസ്തു കുരിശിൽ കിടന്നപ്പോൾ ഉരുവിട്ടത് എന്ന് നാം ഓർക്കണം. യഥാർത്ഥത്തിൽ തന്റെ മാതാവു തന്നെ പഠിപ്പിച്ച 22-ാം സങ്കീർത്തനം കുരിശിൽ കിടന്നും കുരിശിന്റെ ചുവട്ടിൽ നിൽക്കുന്ന തന്റെ മാതാവിനെ സാക്ഷി നിർത്തി തന്റെ പിതാവായ ദൈവത്തിന്റെ മുമ്പാകെ ചൊല്ലുകയാണ് ക്രിസ്തു ചെയ്തത്. ആ സങ്കീർത്തനത്തിന്റെ അവസാനം സകലവും നിവൃത്തിയാകുന്ന ഒരു അനുഭവത്തെയാണ് സൂചിപ്പിച്ചിരിക്കുന്നത്. “സകലവും നിവൃത്തിയായി” എന്നു പറഞ്ഞ് പിതാവിന്റെ കരങ്ങളിലേക്ക് തന്റെ ആത്മാവിനെ ഏൽപിക്കുന്ന പുത്രന്റെ മാതൃക സാക്ഷ്യത്തിന്റെ വിശോത്തര മാതൃകയാണ്. തന്റെ ആത്മാവിനെ പിതൃകരങ്ങളിൽ ഏല്പിക്കുന്നതിനു മുമ്പ് ക്രിസ്തു ചെയ്ത രണ്ടു കാര്യങ്ങൾ വളരെ ശ്രദ്ധേയമാണ്. ഒന്ന്, തന്നെ വിട്ട് ശിഷ്യന്മാർ പലായനം ചെയ്തുപോയ സാഹചര്യത്തിലും തന്നെ ഉപേക്ഷിച്ചുപോകാതെ കുരിശിന്റെ ചുവട്ടിൽ നിന്ന തന്റെ പ്രീയപ്പെട്ട അമ്മയോടുള്ള കടമയും ഉത്തരവാദിത്വവും നിറവേറ്റിയ അനുഭവം. രണ്ട്, സ്വന്തം കുറ്റം തിരിച്ചറിഞ്ഞും തന്റെ കുറ്റം ക്ഷമിച്ചുതരാൻ അധികാരമുള്ള നീതിമാനായ രാജാവാണ് തന്റെ സമീപത്തായി ക്രൂശിക്കപ്പെട്ടു കിടക്കുന്ന യേശു എന്ന് തിരിച്ചറിഞ്ഞും “യേശുവേ, നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ” എന്ന് നിലവിളിച്ച തന്നോടൊപ്പം ക്രൂശിക്കപ്പെട്ട കള്ളന്റെ നിലവിളി സ്വീകരിച്ച് അവന്റെ കുറ്റങ്ങൾ ക്ഷമിച്ച് “ഇന്നു നീ എന്നോടുകൂടി മാനവികതയുടെ പൂർണ്ണതയിൽ ആദിമനുഷ്യൻ ഇരുന്ന പറുദീസായിൽ ഇരിക്കും” എന്ന ഉറപ്പുകൊടുത്ത അനുഭവം. ഈ കള്ളനെപ്പോലെ, സ്വന്തം കുറ്റം തിരിച്ചറിഞ്ഞും നമ്മുടെ പാപം ക്ഷമിച്ച് നമ്മെ രക്ഷിക്കാൻ അധികാരമുള്ള ക്രിസ്തുവിൽ വിശ്വസിച്ചും കർത്താവിനോട് നാം രക്ഷയ്ക്കായി നിലവിളിച്ചാൽ കർത്താവ് നമുക്ക് ആ നിമിഷം തന്നെ സൗജന്യമായി രക്ഷയുടെ അനുഭവം നൽകും എന്ന് നാം ഓർത്തിരിക്കേണ്ടതത്രേ. ക്രൂശിലെ മരണത്തിന് ശേഷം ക്രിസ്തു കടന്നുപോകുന്ന അനുഭവത്തെയാണ് 23-ാം സങ്കീർത്തനത്തിൽ നാം കാണുന്നത്. “മരണനിഴലിൻ താഴ്‌വരയിൽകൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടുകൂടി ഇരിക്കുന്നുവല്ലോ”(സങ്കീ. 23:4). യേശു ജീവിതത്തെയും മരണത്തെയും പിതാവുമായുള്ള ബന്ധത്തിലാണ് അഭിമുഖീകരിച്ചത്. നമ്മുടെ ജീവിതത്തിലും കർത്താവിന്റെ ഈ മാതൃക ഒരു പാഠമായി തീരണം. ഉയിർപ്പിന്റെ പ്രഭാതത്തിൽ നാം കാണുന്നത് ക്രിസ്തുവിന്റെ ഉയിർപ്പ് മാത്രമല്ല ക്രിസ്തു ഉയിർത്തെഴുന്നേറ്റതിലൂടെ ഉയിർപ്പിന്റെ അനുഭവത്തിലേക്ക് വന്ന മഗ്ദലക്കാരത്തി മറിയയെയും ശിഷ്യന്മാരെയും പല സന്ദർഭങ്ങളിലായി നാം കാണുന്നു. കല്ലറയ്ക്ക് സമീപം ഹൃദയത്തിന്റെ സംശയത്തിന്റെ വേദനയിൽ കണ്ണുനീർ വാർത്തു നിന്ന മറിയയ്ക്കും ഭയത്തിന്റെ തടവറയിൽ കതകടച്ചിരുന്ന ശിഷ്യന്മാർക്കും ബുദ്ധിപരമായ തെളിവു തേടിയ വിശുദ്ധ തോമാശ്ലീഹായ്ക്കും എമ്മവൂസിലേക്കുള്ള യാത്രയിൽ നിരാശയുടെ വാക്കുകൾ ഉരുവിട്ട ശിഷ്യന്മാർക്കും മനുഷ്യരെ പിടിക്കുവാനാണ് കർത്താവു തങ്ങളെ നിയോഗിച്ചത് എന്ന ദൗത്യം മറന്ന് പഴയ പടകുമായി പഴയ തൊഴിലിലേക്ക് പോയ പത്രോസ് ഉൾപ്പെടെയുള്ള ശിഷ്യന്മാർക്കും അവരുടെ കണ്ണുനീരിനെയും ഭയത്തെയും സംശയത്തെയും നിരാശയെയും പിൻമാറ്റത്തെയും നിഷ്കാസനം ചെയ്ത് ഉയിർത്തെഴുന്നേറ്റ കർത്താവ് അവരെയും ഉയിർപ്പിന്റെ സാക്ഷികളും ഉയിർപ്പിന്റെ ചൈതന്യത്തിന്റെ അവകാശികളും ആക്കിത്തീർക്കുന്നതാണ് ഏപ്രിൽ മാസത്തിലെ ധ്യാനങ്ങളിൽ നാം കാണുന്നത്. ഈ ഉയിർപ്പിന്റെ ശക്തി നമ്മളിൽ വ്യാപരിക്കണമെങ്കിൽ, നമ്മുടെ ജീവിതാനുഭവങ്ങളിൽ ഉയിർത്തെഴുന്നേറ്റ കർത്താവിനെ ദർശിക്കണമെങ്കിൽ ബർത്തിമായിയെപ്പോലെ പുതിയ കാഴ്ചയ്ക്കായി, ശരിയായ കാഴ്ചയ്ക്കായി കർത്താവിന്റെ സന്നിധിയിൽ നാം നിലവിളിക്കണം. ബർത്തിമായി, കാഴ്ചപ്രാപിക്കണമെന്ന തന്റെ വ്യക്തമായ അപേക്ഷ കർത്താവിന്റെ സന്നിധിയിൽ നിലവിളിയുടെ ഭാഷയിൽ സമർപ്പിച്ചപ്പോൾ കർത്താവ് അവന് കാഴ്ച നൽകിയതുപോലെ നമുക്കും നമ്മുടെ കർത്താവ് കാഴ്ച നൽകും. കാഴ്ച പ്രാപിച്ച ബർത്തിമായി കണ്ട ഏറ്റവും സുന്ദരമായ കാഴ്ച ഈ ലോകത്തിന്റെ മായാമോഹങ്ങളുടേതായ കാഴ്ചകളൊന്നുമായിരുന്നില്ല, അവന് സൗഖ്യം നൽകിയ അവന്റെ രക്ഷകന്റെ മുഖം തന്നെയായിരുന്നു അവൻ കണ്ട ഏറ്റവും നല്ല കാഴ്ചയും വലിയ കാഴ്ചയും. അതുകൊണ്ടാണല്ലോ തനിക്ക് കാഴ്ച നൽകിയവനെ അനുഗമിപ്പാൻ ബർത്തിമായി തീരുമാനിച്ചത്. ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മോടും ആവശ്യപ്പെടുന്നത് തന്നെ അനുഗമിക്കുവാനാണ്. യേശുവിനെ അനുഗമിക്കുമ്പോൾ നാം ഉയിർപ്പിന്റെ അനുഭവത്തിലേക്കും സമൃദ്ധിയായ ജീവന്റെ അനുഭവത്തിലേക്കുമാണ് പ്രവേശിക്കുന്നത്.

“നിങ്ങൾക്ക് ജീവനും ഉണ്ടാകുവാനും സമൃദ്ധിയായിട്ട് ഉണ്ടാകുവാനുമത്രേ ഞാൻ വന്നിരിക്കുന്നത്.” (യോഹന്നാൻ 10:10)

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ



പുലാത്തീൻ
28-03-2018

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**